Reg with A/D

**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ശാലിനി ഗോപിനാഥ് (PEN: 498485)

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ വിപിൻ വി എസ്, ക്ലാർക്കിന്റെ സസ്പെൻഷൻ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/4053/2022-ES2 തിരുവനന്തപുരം,തീയതി: 06-11-2025

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 13.12.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 22.03.2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

3. സ്റ്റേഷൻ ഹൗസ് ഓഫീസർ, സെൻട്രൽ പോലീസ് സ്റ്റേഷൻ, കൊച്ചി, 26.08.2025 തീയതിയിലെ 1360/TD/2025/CE നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ വിപിൻ വി എസ്, തിരുവനന്തപുരം സ്റ്റേറ്റ് ഫോഡർ ഫാമിൽ ക്ലാർക്കായി സേവനത്തിലിരിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ANVY SUPERMARKETS (OPC) PVT LTD എന്ന സ്ഥാപനത്തിൽ ഫ്രാഞ്ചൈസി നൽകാമെന്ന് വാഗ്ദാനം നൽകി പൊതുജനങ്ങളെ വഞ്ചിച്ച കുറ്റത്തിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ ടിയാനെ 24.11.2022 തീയതിയിൽ അറസ്റ്റ് ചെയ്യുകയും ബഹു. കോടതി ഉത്തരവ് പ്രകാരം റിമാൻഡ് ചെയ്ത് ജയിലിൽ പാർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ മേൽ പരാമർശം (1) ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. കൂടാതെ മേൽ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലാവധി ടി ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് നീട്ടി ഉത്തരവായിരുന്നു.

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ വിപിൻ വി എസ്, Managing Director, Anvy Supermarkets(OPC) എന്നവർക്കെതിരെ 31 ഓളം കേസുകൾ

രജിസ്റ്റർ ചെയ്തിരുന്നതും ആയതിൽ 30 കേസുകളുടെ അന്വേഷണം കൊച്ചി സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് നടത്തി വന്നിരുന്നതും അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം ബഹുമാനപ്പെട്ട എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ക്രൈം. 2342/2023 u/s 417, 420, 34 IPC കേസ് നിലവിൽ അന്വേഷണാവസ്ഥയിലുള്ളതുമാണ് എന്നും ബഹുമാനപ്പെട്ട CJM കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ കോടതി നമ്പർ പിടിച്ച് ബഹുമാനപ്പെട്ട എറണാകുളം CJM കോടതിയിൽ വിചാരണയിലിരിക്കുന്നതുമാണ് എന്നുള്ള വിവരം മേൽ സൂചന(3) പ്രകാരം ലഭിച്ചിരുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ വിപിൻ വി എസ്, ക്ലാർക്കിന്റെ സസ്പെൻഷൻ പുനപരിശോധിക്കുകയും ടിയാനെതിരെയുള്ള criminal proceedings തുടരുന്ന സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലാവധി 22.09.2025 തീയതി മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്ക് നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Salini Gopinath
Date: 06-11-2025 14:34:09

ഡയറക്ടർ

ശ്രീ വിപിൻ വി എസ്
വി എസ് ഭവൻ
കാവിൻപുറം
കട്ടച്ചക്കുഴി പി ഒ
ബാലരാമപുരം
തിരുവനന്തപുരം - 695520

പകർപ്പ്:-

1) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം
2) ഇ സെക്ഷൻ സൂപ്രണ്ട്
3) ഡി.എഫ്.ഐ IT (വെബ് സൈറ്റിൽ നൽകുന്നതിനായി)
4) ഇ 2 സീറ്റ്